ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനം ഇന്ന്.

   **The notification for the first phase of Lok Sabha elections will be issued today.**

2. പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്താൻ അനുമതിയുള്ള അവശ്യ സേവന വിഭാഗത്തിൽ മാധ്യമ പ്രവർത്തകരെയും ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് കമ്മീഷൻ.

   **ECI includes media persons in the essential service category who are allowed to vote through postal ballot.**

3. ന്യൂഡൽഹിയിൽ നടക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

   **PM Modi to address Startup Mahakumbh at Bharat Mandapam**

4. ഹമാസിന്റെ സൈനിക ഡെപ്യൂട്ടി കമാൻഡർ മർവാൻ ഈസ, ഇസ്രായേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടു.

   **Hamas deputy military commander Marwan Issa killed in an Israeli air strike.**

5. കേരളത്തിൽ കടുത്ത ചൂട് തുടരുന്നു ; പത്തു ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Heat continues in Kerala; Yellow alert in ten districts.**

6. സ്വിസ് ഓപ്പൺ വനിത ഡബിൾസ് ബാഡ്മിന്റണിൽ ഇന്ത്യയുടെ ഗായത്രി ഗോപിചന്ദ് - ട്രീസ ജോളി സഖ്യം പ്രീക്വാർട്ടറിൽ.

**In Swiss Open Badminton, India's Gayatri Gopichand and Treesa Jolly storm in to the pre-quarters of the Women's Doubles**

**********************

HEADLINE-1

## ELECTION - NOTIFICATION

ഏഴ് ഘട്ടങ്ങളായി നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട തെരഞ്ഞെടുപ്പ് വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിക്കും. 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. സ്വതന്ത്രവും നീതിയുക്തവുമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന-ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നല്കി. എല്ലാ സംസ്ഥാനങ്ങളിലും മുന്നണികൾക്കിടയിലെ സീറ്റ് വിഭജന ചർച്ചകൾ അവസാനഘട്ടത്തിലാണ്. സ്ഥാനാർഥി നിർണ്ണയം പൂർത്തിയായ മണ്ഡലങ്ങളിൽ പ്രചാരണ പരിപാടികളും സജീവമാണ്.

**********************

## TN- ELECTION PROFILE

ഒറ്റഘട്ടമായി ഏപ്രിൽ 19-ന് പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇന്ന് പുറത്തിറങ്ങും. ഈ മാസം 27നാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. സൂക്ഷ്മപരിശോധന 28-നും പത്രിക പിൻവലിക്കാനുള്ള അവസാന തീയതി മാർച്ച് 30-നും ആയിരിക്കും. വിളവൻകോട് നിയമസഭാ

മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പും ഇതോടൊപ്പം നടക്കും. മുൻ കോൺഗ്രസ് വിപ്പ് വിജയധരണി രാജിവച്ചതിനെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ്. 39 മണ്ഡലങ്ങളിൽ ചിദംബരം, നാഗപട്ടണം, തെങ്കാശി, നീലഗിരി, വില്ലുപുരം, തിരുവള്ളൂർ, കാഞ്ചീപുരം എന്നിവ സംവരണ മണ്ഡലങ്ങളാണ്.

**********************

# ELECTION KERALA

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഈ മാസം 28 ന് പുറപ്പെടുവിക്കും. 13 സംസ്ഥാനങ്ങളിലെ 89 മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. അടുത്തമാസം 4 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഏപ്രിൽ 5 നാണ് സൂക്ഷ്മ പരിശോധന. ഏപ്രിൽ 8 വരെ പത്രിക പിൻവലിക്കാൻ അവസരമുണ്ട്.

**********************

**HEADLINE-2**

# ELECTION COMMISSION

മാധ്യമ പ്രവർത്തകർക്ക് പോസ്റ്റൽ ബാലറ്റ് വഴി വോട്ട് ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ അനുമതി നൽകി. ഇന്നലെ കമ്മീഷൻ ഇത് സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അവശ്യ സേവനങ്ങളുമായി ബന്ധപ്പെട്ടവർക്ക് പോസ്റ്റൽ ബാലറ്റിൽ വോട്ട് ചെയ്യാൻ നേരത്തേ തന്നെ അവസരമുണ്ടായിരുന്നു. ഇതിനായി ഒരു നോഡൽ ഓഫീസറെ നിയോഗിക്കാൻ കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മെട്രോ, റെയിൽവേ, ബിഎസ്എൻഎൽ

വൈദ്യുതി, ആരോഗ്യ വകുപ്പ്, അഗ്നിശമന സേവനങ്ങൾ, തപാൽ സേവനങ്ങൾ, വ്യോമയാനം, ദുരന്ത നിവാരണം തുടങ്ങിയ മേഖലയിലുള്ളവർക്കും പോസ്റ്റൽവോട്ട് അനുവദനീയമാണ്.

**********************

## ELECTION – NAME

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് ഈ മാസം 25 വരെ പേര് ചേർക്കാൻ അവസരം. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തിയതിയുടെ പത്തുദിവസം മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

**********************

## UPSC-EXAMINATION

2024ലെ സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷ മാറ്റിവെക്കാൻ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ തീരുമാനിച്ചു. 2024ലെ ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷയുടെ സ്ക്രീനിംഗ് ടെസ്റ്റായും നിലകൊള്ളുന്ന സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷ ഈ വർഷം ജൂൺ 16 ന് നടക്കും. മെയ് 26 ന് പരീക്ഷ നടത്താനാണ് നേരത്തെ നിശ്ചയിച്ചിരുന്നതെങ്കിലും പൊതുതിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നതിനാലാണ് പരീക്ഷ മാറ്റിവെച്ചത്.

**********************

**HEADLINE-3**

## PM-STARTUP MAHAKUMBH (INTRO)

ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. **വിശദാംശങ്ങളിലേയ്ക്ക് ..............**

(വോയ്സ്)

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ പ്രമുഖ നിക്ഷേപകരും നൂതന സംരംഭകരും അണിനിരക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭ് റെക്കോർഡ് പങ്കാളിത്തമാണ് രേഖപ്പെടുത്തിയത്. രണ്ടായിരത്തിലധികം സ്റ്റാർട്ടപ്പുകളും ആയിരത്തിലധികം നിക്ഷേപകരും പങ്കെടുക്കുന്ന മെഗാ ഇവന്റിൽ നിക്ഷേപകരും സംരംഭകരും വ്യവസായികളും തമ്മിലുള്ള ബന്ധം പരിപോഷിപ്പിക്കാനുള്ള അവസരമാണ് ഒരുക്കുന്നത്. സംരംഭകർ തമ്മിലുള്ള സഹകരണത്തെക്കുറിച്ചും പുതുവഴികളെ ക്കുറിച്ചുമുള്ള ഊർജ്ജസ്വലമായ ചർച്ചകൾക്ക് കഴിഞ്ഞ രണ്ട് ദിവസം, പരിപാടി സാക്ഷ്യം വഹിച്ചു. വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകൾ, നിക്ഷേപകർ, കോർപ്പറേറ്റ് പങ്കാളികൾ എന്നിവരുൾപ്പെടെയുള്ള വരുമായി സ്റ്റാർട്ടപ്പുകളെ ബന്ധിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. രാജ്യത്തുടനീളമുള്ള സ്റ്റാർട്ടപ്പുകൾ വികസിപ്പിച്ച നൂതന ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്ന മേഖലയാണ് പ്രധാന ആകർഷണം. സ്റ്റാർട്ടപ്പ് മഹാകുംഭിൽ ഡീപ്ടെക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫിൻടെക്, അഗ്രിടെക്, ബയോടെക്, ഫാർമ, ഗെയിമിംഗ്, ഇൻകുബേറ്ററുകൾ എന്നിവയെ അടിസ്ഥാനമാക്കി 10 തീമാറ്റിക് പവലിയനുകൾ സജ്ജീകരിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകളെയും നവീന ആശയത്തി ലൂന്നിയ സംരംഭകരെയും ഒരുമിച്ച് കൊണ്ടുവരുന്ന വേദിയാണ് ഇതെന്ന് സമൂഹമാധ്യമത്തിൽ പ്രധാനമന്ത്രി കുറിച്ചു. തിങ്കളാഴ്ച ആരംഭിച്ച മൂന്ന് ദിവസത്തെ പരിപാടി ഇന്ന് സമാപിക്കും. **ന്യൂസ്, ഡസ്ക്, ആകാശവാണി........**

**********************

## PM-BHUTAN VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഭൂട്ടാൻ സന്ദർശനം നാളെ മുതൽ ആരംഭിക്കും . രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഭൂട്ടാനിലെത്തുന്ന പ്രധാനമന്ത്രിയെ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കിന്റെ നേതൃത്വത്തിൽ സ്വീകരിക്കും. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയുമായി ശ്രീ മോദി ചർച്ച നടത്തും. ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള പതിവ് ഉന്നത തല ബന്ധത്തിന്റെ ഭാഗമായാണ് പ്രധാനമന്ത്രിയുടെ സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

**********************

## SC-CAA

പൗരത്വ ഭേദഗതി നിയമം ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ മറുപടി നൽകാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി മൂന്നാഴ്ച സമയം നൽകി. കേന്ദ്രത്തിന്റെ വിശദീകരണം ഏപ്രിൽ 8 നകം സമർപ്പിക്കണം. കേസ് ഏപ്രിൽ 9 ന് വീണ്ടും കോടതി പരിഗണിക്കും. അതേസമയം, നിയമം സ്റ്റേ ചെയ്യണമെന്ന ഹർജ്ജിക്കാരുടെ ആവശ്യം സുപ്രീം കോടതി നിരസിച്ചു. കേരള സർക്കാരും, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, ഡിവൈഎഫ്ഐ ഉൾപ്പടെയുള്ള സംഘടനകളുമാണ് നിയമത്തിനെതിരായി സുപ്രീം കോടതിയെ സമീപിച്ചത്.

**********************

## LOKPAL- CBI TMC

തൃണമൂൽ കോൺഗ്രസ് മുൻ എംപി മഹുവ മൊയ്ത്ര ചോദ്യം ചോദിയ്ക്കാൻ പണം വാങ്ങിയെന്ന അഴിമതി ആരോപണത്തിൽ

സിബിഐ അന്വേഷണത്തിന് ലോക്പാൽ ഉത്തരവിട്ടു. മൊയ്ത്രയ്ക്കെതിരെ പ്രഥമദൃഷ്ട്യാ തെളിവുകൾ ഉണ്ടെന്ന് ഉത്തരവിൽ പറയുന്നു. ദുബായ് ആസ്ഥാനമായുള്ള വ്യവസായി ദർശൻ ഹിരാനന്ദാനി നിർദേശിച്ചപ്രകാരം മൊയ്ത്ര ലോക്സഭയിൽ ചോദ്യങ്ങൾ ചോദിച്ചുവെന്ന ബിജെപി ലോക്സഭാ അംഗം നിഷികാന്ത് ദുബെയുടെ പരാതി പരിഗണിച്ചാണ് നിർദേശം. ആറ് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാനും ലോക്പാൽ സിബിഐയോട് നിർദ്ദേശിച്ചിട്ടുണ്ട്.

***********************

## DIRECT TAX COLLECTION

ഈ സാമ്പത്തിക വർഷത്തിൽ പ്രത്യക്ഷ നികുതിപിരിവ് 18.74 ശതമാനം വളർച്ച രേഖപ്പെടുത്തി. കേന്ദ്ര ധനമന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, മൊത്ത പ്രത്യക്ഷ നികുതി പിരിവ് 22 ലക്ഷത്തി ഇരുപത്തി ഏഴായിരം കോടി രൂപയിലധികമാണ്. കഴിഞ്ഞ വർഷം 18 ലക്ഷത്തി എഴുപത്തി അയ്യായിരം കോടി രൂപയിലേറെയായിരുന്നു.

***********************

HEADLINE-4

## HAMAS DEPUTY MILITARY COMMANDER KILLED

ഹമാസിന്റെ സൈനിക ഡെപ്യൂട്ടി കമാൻഡർ മർവാൻ ഈസ ഇസ്രായേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടു. യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവനാണ് ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞയാഴ്ച മധ്യ ഗസയിലെ നുസെറത്തിൽ നടന്ന ആക്രമണത്തിലാണ് ഇസ കൊല്ലപ്പെട്ടതെന്ന് ഇസ്രായേൽ മാധ്യമങ്ങളും റിപ്പോർട്ട്

ചെയ്തു. അതേസമയം, പലസ്തീൻ ഇസയുടെ മരണവാർത്തയെക്കുറിച്ച് പ്രതികരിച്ചിട്ടില്ല. ഒക്ടോബർ ഏഴിന് ഏറ്റുമുട്ടൽ ആരംഭിച്ച ശേഷം കൊല്ലപ്പെടുന്ന ഹമാസിന്റെ ഏറ്റവും മുതിർന്ന നേതാവാണ് ഇസ.

**********************

## GAZA-HUNGER

വടക്കൻ ഗസയിൽ വൈകാതെ പട്ടിണി മരണങ്ങൾ ഉണ്ടാകുമെന്ന് യു എൻ റിപ്പോർട്ട്. ഇവിടെ 70 ശതമാനം പേരും പട്ടിണി അനുഭവിക്കുകയാണ്. ജനത കടുത്ത പോഷകാഹാരക്കുറവും ഭക്ഷ്യ അരക്ഷിതാവസ്ഥയും നേരിടുന്നു. 2.3 മില്യൺ ജനങ്ങളുള്ള പ്രദേശത്തേക്ക് കൂടുതൽ മാനുഷികസഹായം അനുവദിക്കാൻ ഇസ്രായേലിന്മേൽ ആഗോള സമ്മർദ്ദം നടക്കുന്നതിനിടയിലാണ് ഈ വിലയിരുത്തൽ.

**********************

## IMRAN KHAN - ACQUITTED

പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രിയും പാകിസ്ഥാൻ തെഹ്‌രീകെ ഇൻസാഫ് പാർട്ടി സ്ഥാപകനുമായ ഇമ്രാൻ ഖാനെ സർക്കാർ വിരുദ്ധ മാർച്ചിനിടെ രജിസ്റ്റർ ചെയ്ത കേസുകളിൽ നിന്ന് കുറ്റവിമുക്തനാക്കി. ഇസ്‌ലാമാബാദിലെ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ഇമ്രാൻ ഖാനെ അറസ്റ്റ് ചെയ്തതിന് ശേഷം ഉണ്ടായ പ്രതിഷേധം അക്രമാസക്തമായതിനെ തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തത്. കഴിഞ്ഞ വർഷം മെയ് 9 ലെ അക്രമവുമായി ബന്ധപ്പെട്ട കേസിൽ ഖൈബർ-പഖ്തൂൺ മുഖ്യമന്ത്രി അലി അമിൻ ഖാനും മറ്റുമെതിരെ തീവ്രവാദ വിരുദ്ധ കോടതി ജാമ്യമില്ലാ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു.

**********************

## 11 ARRESTED BY NIA

പശ്ചിമ ബംഗാളിൽ 2023 മാർച്ചിൽ ഉണ്ടായ വർഗീയ കലാപക്കേസിൽ 11 പേരെ കൂടി എൻഐഎ അറസ്റ്റ് ചെയ്തു. രാമനവമി ആഘോഷത്തിനിടെയാണ് കലാപം ഉണ്ടായത്. അറസ്റ്റിലായവർ ഹൗറ സ്വദേശികളാണ്.

**********************

## BOMBAY- HIGH COURT

2006-ലെ വ്യാജ ഏറ്റുമുട്ടൽ കേസിൽ മുൻ പൊലീസ് ഉദ്യോഗസ്ഥൻ പ്രദീപ് ശർമയെ ബോംബെ ഹൈക്കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു. സെഷൻസ് കോടതിയുടെ കുറ്റവിമുക്ത ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. തെളിവുകൾ ശർമ്മയുടെ പങ്കാളിത്തം തെളിയിക്കുന്നുവെന്നും ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു.

**********************

## HARYANA EXPANDED CABINET

ഹരിയാന മന്ത്രിസഭ വിപുലീകരിച്ച് മുഖ്യമന്ത്രി നയാബ് സിംഗ് സൈനി. ഒരു കാബിനറ്റ് മന്ത്രിയെയും ഏഴ് സഹമന്ത്രിമാരായും ഉൾപ്പെടുത്തിയാണ് മന്ത്രിസഭയുടെ വിപുലീകരണം. ചണ്ഡീഗഢിലെ രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ബന്ദാരു ദത്താത്രേയ പുതിയ മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

**********************

## SOUTH KOREAN AIR FORCE CHIEF VISIT

ദക്ഷിണ കൊറിയൻ വ്യോമസേന മേധാവി ജനറൽ ലീ യങ്സു ഗ്വാളിയോറിലെ വ്യോമത്താവളം സന്ദർശിച്ചു. എയർ

മാർഷൽ സുരത്ത് സിംഗും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം ജനറൽ യങ്സു ഇന്ത്യൻ വ്യോമസേനാ മേധാവി എയർ മാർഷൽ വി ആർ ചൗധരിയെ ഡൽഹിയിൽ സന്ദർശിച്ചിരുന്നു. ഇരുവരും സേനകൾ തമ്മിലുള്ള സഹകരണം സംബന്ധിച്ചു ചർച്ച നടത്തി.

**********************

HEADLINE-5

## KERALA – HOT

കേരളത്തിൽ കടുത്ത ചൂട് അനുഭവപ്പെടുന്നതിനാൽ പത്തു ജില്ലകളിൽ പ്രഖ്യാപിച്ച മഞ്ഞ ജാഗ്രത നാളെ വരെ തുടരും. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°C വരെയും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഉയർന്ന 38°C വരെയും അനുഭവപ്പെടും. കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രിയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 36 ഡിഗ്രിയും അനുഭവപ്പെടും.

**********************

HEADLINE-6

## SWISS OPEN BADMINTON

സ്വിസ് ഓപ്പൺ വനിത ഡബിൾസ് ബാഡ്മിന്റണിൽ ഇന്ത്യയുടെ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും വനിതാ ഡബിൾസ് പ്രീക്വാർട്ടറിൽ കടന്നു. 21-15, 21-12 എന്ന സ്കോറിനാണ് അമേരിക്കയുടെ കെറി സൂ-ആനി സൂ സഖ്യത്തെ പരാജയപ്പെടുത്തിയത്. പുരുഷ ഡബിൾസിൽ ഇന്ത്യൻ ജോഡിയായ ഹരിഹരൻ അംസ കരുണൻ-റൂബൻ കുമാർ രെത്തിന സഭാപതി സഖ്യം യോഗ്യതാ റൗണ്ടിൽ ഫ്രഞ്ച്

ജോഡിയായ നദാൻ  ബെഗ്ഗ-ബാപ്റ്റിസ്റ്റ് ലബാർത സഖ്യത്തെ പരാജയപ്പെടുത്തി. മിക്സഡ് ഡബിൾസിൽ എൻ സിക്കി റെഡ്ഡി-ബി സുമീത് റെഡ്ഡി സഖ്യം  ബ്രസീലിന്റെ സാമിയ ലിമ-ഡേവി സിൽവ സഖ്യത്തെ  പരാജയപ്പെടുത്തി.

**********************

## LAKSHYA SEN- BWF RANKING

ബാഡ്മിന്റണിൽ  ബിഡബ്ല്യുഎഫ് റാങ്കിംഗിൽ ഇന്ത്യൻ താരം ലക്ഷ്യ സെൻ പുരുഷ സിംഗിൾസ് വിഭാഗത്തിൽ 13-ാം സ്ഥാനത്തെത്തി. ഫ്രഞ്ച് ഓപ്പണിലും  ഓൾ ഇംഗ്ലണ്ട് ഓപ്പണിലും നേടിയ മികച്ച പ്രകടനത്തെ തുടർന്നാണ് കുതിപ്പ്. രണ്ട് ടൂർണമെന്റുകളുടെയും  സെമിഫൈനലിലെത്തിയിരുന്നു. ഇതോടെ 2024ലെ പാരീസ് ഒളിമ്പിക്സിലേക്കുള്ള  സ്ഥാനം സെൻ ഉറപ്പിച്ചു. പുരുഷ ഡബിൾസിൽ സാത്വിക്സായി രാജ് രങ്കി റെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം ഒന്നാം സ്ഥാനം നിലനിർത്തി.

**************************************************************************